# ശുചിത്വ മിഷൻ

തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

**നം.3152/ജി/2013/എസ്.എം.** **തീയതി: 09/09/2020**

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ).
ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ)

സർ,

വിഷയം:- ത.സ്വ.ഭ.വ. - ശുചിത്വമിഷൻ - പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ - പൊതുജനാഭിപ്രായം അറിയുന്നതിന് ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ ശുചിത്വ മിഷന്റെയും അനുബന്ധ വകുപ്പുകളുടേയും വെബ്സൈറ്റുകളിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധപ്പെടുത്തുവാൻ ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോയുടെ കരട് താങ്കളുടെ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആയതിന്മേലുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ / നിർദ്ദേശങ്ങൾ താഴെപ്പറയുന്ന **സംസ്ഥാന ശുചിത്വ മിഷന്റെ മേൽവിലാസത്തിലോ ഇ-മെയിലിലോ 30/09/2020-നകം ലഭ്യമാക്കുന്നതിനും** അറിയിപ്പ് നൽകേണ്ടതാണ് എന്ന് അറിയിക്കുന്നു.

**മേൽവിലാസം : എക്സിക്യൂട്ടീവ് ഡയറക്ടർ,**
**ശുചിത്വ മിഷൻ**
**ബേസ്മെന്റ് ഫ്ളോർ, സ്വരാജ് ഭവൻ,**
**നന്തൻകോട്, കവടിയാർ പി.ഒ.,**
**തിരുവനന്തപുരം - 695 003.**

**ഇ-മെയിൽ : sanitation.rules@gmail.com**

വിശ്വസ്തതയോടെ,

ഡയറക്ടർ (ഓപ്പറേഷൻസ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട് ബൈലോ